File No.RCS/1552/2021-CP(3)

സി.പി(3)1552/2021

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
ജവഹർ സഹകരണ ഭവൻ
തിരുവനന്തപുരം, തീയതി:27.08.2021
വെബ് സൈറ്റ്-www.cooperation.kerala.gov.in
ഇ-മെയിൽ: keralarcs.coop@kerala.gov.in
ടെലിഫോൺ-0471-2330726/2331891

## സർക്കുലർ നമ്പർ: 37/2021

വിഷയം:- സഹകരണ വകുപ്പ്- ആഡിറ്റ് 2020-2021- കോവിഡ് 19-രോഗവ്യാപന പശ്ചാത്തലത്തിൽ കുടിശ്ശിക വായ്പ, കുടിശ്ശിക വായ്പാപലിശ എന്നിവകളിലെ കരുതൽവയ്ക്കുന്നതിൽ ഇളവ് നൽകുന്നത്-സംബന്ധിച്ച്.

സൂചന:-
1. സഹകരണ സംഘം രജിസ്ട്രാറുടെ 10.12.2007 തീയതിയിലെ 40/2007 നമ്പർ സർക്കുലർ
2. സഹകരണ സംഘം രജിസ്ട്രാറുടെ 08.05.2020 തീയതിയിലെ 34/2020 നമ്പർ സർക്കുലർ
3. സഹകരണ ആഡിറ്റ് ഡയറക്ടറുടെ 28.07.2021 തിയതിയിലെ ഡി.സി.എ 331/2021 എ ഡി (3) നമ്പർ കത്ത്

കോവിഡ്-19 രോഗവ്യാപനവും തുടർന്നുള്ള സമ്പൂർണ്ണ അടച്ചിടലും സംസ്ഥാനത്തിന്റെ ഉത്പാദന വ്യാപാരമേഖലകളിൽ ഉണ്ടാക്കിയിട്ടുള്ള ആഘാതം, സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളിലെ വായ്പ തിരിച്ചടവിൽ വലിയ കുറവ് ഉണ്ടാകുകയും, വായ്പാകുടിശ്ശികയും വായ്പകളിന്മേലുള്ള പലിശ കുടിശ്ശികയും വലിയ രീതിയിൽ വർദ്ധിക്കുകയും, കുടിശ്ശിക വായ്പയ്ക്കും, കുടിശ്ശികപലിശയ്ക്കും നിലവിലെ മാനദണ്ഡപ്രകാരം ആഡിറ്റിൽ കരുതൽ വയ്ക്കുമ്പോൾ ടി സംഘങ്ങൾ ഭീമമായ നഷ്ടത്തിലാവുകയും ചെയ്യുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സഹകരണമേഖലയിൽ ഉണ്ടാകുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ രൂക്ഷത കുറയ്ക്കുന്നതിന് 2019-20 വർഷത്തെ ആഡിറ്റിൽ കുടിശ്ശിക വായ്പയ്ക്കും, വായ്പയിന്മേലുള്ള കുടിശ്ശിക പലിശയ്ക്കും കരുതൽ വയ്ക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ പുനഃനിശ്ചയിച്ച് 40/2007 സർക്കുലർ വ്യവസ്ഥകൾക്ക് ഇളവ് അനുവദിച്ച് സൂചന (2) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

എന്നാൽ കോവിഡ് 19 രണ്ടാം വ്യാപനം കാരണം സംസ്ഥാനത്തെ സഹകരണ മേഖലയിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് 2020-21 സാമ്പത്തിക വർഷത്തെ ആഡിറ്റിൽ കുടിശ്ശിക വായ്പ, വായ്പയിന്മേലുള്ള കുടിശ്ശിക പലിശ എന്നിവയ്ക്ക് കരുതൽ വെക്കുന്നതിന് ഇളവുകൾ നൽകണമെന്ന് സഹകാരികൾ ആവശ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ 34/2020 നമ്പർ സർക്കുലർ 2020-21 ആഡിറ്റ് വർഷത്തെയ്ക്കുകൂടി ബാധകമാക്കണമെന്നും ടി സർക്കുലർ പ്രകാരമുള്ള ഇളവുകൾ എല്ലാ

വായ്പാ സംഘങ്ങൾക്കും, ദീർഘകാല ഭവന, കാർഷിക വായ്പകൾക്കും അനുവദിക്കണമെന്നും സൂചന (3) പ്രകാരം സഹകരണ ആഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2020-21 വർഷത്തെ ആഡിറ്റിൽ കുടിശ്ശിക വായ്പയ്ക്കും, വായ്പയിന്മേലുള്ള കുടിശ്ശിക പലിശയ്ക്കും കരുതൽവയ്ക്കുന്നതിൽ ചുവടെ പരാമർശിക്കുന്ന രീതിയിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ആൾജാമ്യത്തിൽ നൽകിയിട്ടുള്ള 1 വർഷം മുതൽ 3 വർഷം വരെയുള്ള കുടിശ്ശികയായ വായ്പകൾക്ക് നിലവിൽ നിഷ്കർഷിച്ചിരുന്ന 10% കരുതൽ 5% ആയി കുറവ് വരുത്തി ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ്.

2) വസ്തുജാമ്യത്തിൽ നൽകിയിട്ടുള്ള 3 വർഷം മുതൽ 6 വർഷം വരെയുള്ള കുടിശ്ശികയായ വായ്പകൾക്ക് നിലവിൽ നിഷ്കർഷിച്ചിരുന്ന 50% കരുതൽ 30% ആയി കുറവ് വരുത്തി ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ്.

3) ആൾജാമ്യത്തിൽ നൽകിയിട്ടുള്ള 3 വർഷം മുതൽ 6 വർഷം വരെയുള്ള കുടിശ്ശികയായ വായ്പകൾക്ക് നിലവിൽ നിഷ്കർഷിച്ചിരുന്ന 100% കരുതൽ 80% ആയി കുറവ് വരുത്തി ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ്.

4) കുടിശ്ശിക പലിശയ്ക്ക് 100% കരുതൽവയ്ക്കണമെന്ന് സൂചന സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2020-21 വർഷത്തെ അവസാനത്തെ 3 മാസത്തെ കുടിശ്ശിക പലിശയെ കരുതൽവയ്ക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

5) 2020-21 വർഷത്തെ ആഡിറ്റിൽ വായ്പാ കുടിശ്ശികയ്ക്കും വായ്പയിന്മേലുള്ള പലിശ കുടിശ്ശികയ്ക്കും കരുതൽവയ്ക്കുന്നതിൽ അനുവദിച്ചിട്ടുള്ള ക്രമനമ്പർ (1) മുതൽ (4) വരെ പരാമർശിക്കുന്ന ഇളവുകൾ സൂചന (1) സർക്കുലർ പ്രകാരം കരുതൽ വയ്ക്കുന്നതുകൊണ്ട് മാത്രം 2020-21 വർഷം നഷ്ടം കാണിക്കുന്ന സംഘങ്ങൾക്ക് ബാധകമാക്കേണ്ടതും, അപ്രകാരമല്ലാത്ത സംഘങ്ങൾക്ക് സൂചന (1) സർക്കുലർ മാനദണ്ഡങ്ങൾ തന്നെ തുടരേണ്ടതുമാണ്.

സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വരുന്നതും, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽവരാത്തതുമായ എല്ലാ സഹകരണ സംഘങ്ങൾക്കും, എല്ലാത്തരം വായ്പകൾക്കും മേൽ വ്യവസ്ഥകൾ ബാധകമാക്കാവുന്നതാണ്.

2020-21 വർഷത്തെ ആഡിറ്റ്, മേൽ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പൂർത്തീകരിക്കേണ്ടതാണ്. ആഡിറ്റ് റിപ്പോർട്ട് അംഗീകരിക്കുന്ന ഉദ്യോഗസ്ഥർ ഈ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്
**പി ബി നൂഹ്, ഐ എ എസ്**
സഹകരണ സംഘം രജിസ്ട്രാർ

**പകർപ്പ്**

1) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2) സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറേറ്റ്,തിരുവനന്തപുരം
3) എല്ലാ അഡീഷണൽ രജിസ്ട്രാർമാരുടെ മേശപ്പുറത്ത്
4) എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
5) എല്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർ(ആഡിറ്റ് )മാർക്കും
6) എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും.
7) സഹകരണ വീഥി (പ്രസിദ്ധീകരണത്തിന് )
8) സഹകരണ ജർണൽ (പ്രസിദ്ധീകരണത്തിന് )
9) വെബ് സൈറ്റ്(പ്രസിദ്ധീകരണത്തിന് )
10) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.പി)